# കഫേശ്രീയെക്കുറിച്ച് പഠിക്കാൻ നബാർഡ് സംഘമെത്തി

**ചാവക്കാട്:** കഫേശ്രീയെക്കുറിച്ചറിയാനും പഠിക്കാനും നബാർഡ് സംഘമെത്തി.

ഉത്തരന്ത്യക്കാരുറംപ്പെടുന്ന പതിനഞ്ചംഗ സംഘമാണ് നഗരസഭാ ഓഫീസിനു സമീപത്തെ പച്ചക്കറി മാർക്കറ്റിലെ കഫേ ശ്രീയിലെത്തിയത്.

കഫേശ്രീയുടെ മുകളിലും താഴേയുമായി പ്രവർത്തിക്കുന്ന അടുക്കളയിൽ കയറി പാചകത്തിനുപയോഗിക്കുന്ന സ്റ്റീമർ ഉറംപ്പടെയുള്ള ഉപകരണങ്ങറം സംഘാംഗങ്ങറം കണ്ടു. യൂണിഫോമണിഞ്ഞ കുടുംബശ്രീ ജീവനക്കാരുമായി അവർ സംവദിച്ചു. സംസ്ഥാനത്തെ കുടുംബശ്രീ പ്രവർത്തന രീതിയുറംപ്പെടെ വിവിധ കാര്യങ്ങളിൽ രണ്ട് ദിവസത്തെ പരിശീലനത്തിനെത്തിയതായിരുന്നു സംഘം.



കഫേശ്രീയെക്കുറിച്ച് പഠിക്കാൻ എത്തിയ നബാർഡ് സംഘം

തൃശ്ശൂർ ജില്ല കേന്ദ്രീകരിച്ചാണ് ഇവരുടെ പരിശീലനം. കഫേശ്രീ സന്ദർശനത്തിനു ശേഷം നഗരസഭയും സന്ദർശിച്ചു. ജനപ്രതിനിധികളും കുടുംബശ്രീ പ്രവർത്തകരും സമ്മേളന ഹാളിൽ ഉദ്യോഗസ്ഥരെ സ്വീകരിച്ചു.

കുടുംബശ്രീ പ്രവർത്തനത്തെ മുന്നോട്ടു കൊണ്ടുപോകാൻ നഗരസഭ ഭരണം ഏതൊക്കെ രീതിയിലാണ് സഹകരിക്കുന്നതെന്ന് വൈസ് ചെയർപേഴ്സൺ മഞ്ജുഷ സുരേഷ് വിശദീകരിച്ചു. കുടംബശ്രീ പ്രവർത്തനത്തെക്കുറിച്ച് സി.ഡി.എസ്. ചെയർപേഴ്സൺ പ്രിജ ദേവദാസ് വിശദീകരിച്ചു.



# കുടുംബശ്രീ രുചിക്കൂട്ടറിയാൻ നബാർഡ് സംഘമെത്തി

**ചാവക്കാട്:** നഗരത്തിൽ സ്ത്രീകൾ മാത്രം പാചകം ചെയ്ത് വിളമ്പുന്ന കുടുംബശ്രീരുചിക്കൂട്ടിന്റെ സംസ്ഥാനത്തെ ആദ്യ സംരഭമായ ചാവക്കാടിന്റെ സ്വന്തം കഫേശ്രീയെക്കുറിച്ചറിയാനും പഠിക്കാനും നബാർഡ് സംഘമത്തെി.

ഉത്തരന്ത്യക്കാരുൾപ്പെടുന്ന പതിനഞ്ചംഗ സംഘം നഗരസഭ ഓഫീസിനു സമീപത്തെ പച്ചക്കറി മാർക്കറ്റിലെ കഫേ ശ്രീയിലത്തെി മലയാളികളുടെ ചോറും സാമ്പാറും ആസ്വദിച്ചാണ് കഴിച്ചത്.

കഫേശ്രീക്കകത്തെ ചുവരിൽ സർവ മത സാഹോദര്യമുയർത്തുന്ന കൊടുങ്ങല്ലൂരിലെ ചേരമാൻ മസ്ജിദും തൃശൂരിലെ വടക്കുനാഥൻ ക്ഷേത്രവും പുത്തൻപള്ളിയും വരച്ച വർണ്ണ ചിത്രങ്ങൾ ആഹ്ളാദത്തോടെ ഫോട്ടോയെടുക്കാൻ ഉദ്യോഗസ്ഥർ മത്സരിക്കുകയായിരുന്നു.

കഫേശ്രീയുടെ മുകളിലും താഴേയുമായി പ്രവർത്തിക്കുന്ന അടുക്കളയിൽ കയറി പാചകത്തിനുപയോഗിക്കുന്ന സ്റ്റീമർ ഉൾപ്പടെയുള്ള ഉപകരണങ്ങൾ ചോദിച്ചറിഞ്ഞു. യൂണിഫോമണിഞ്ഞ കുടുംബശ്രീ ജീവനക്കാരുമായി വിവിധ കാര്യങ്ങളെക്കുറിച്ചറിഞ്ഞു.

സംസ്ഥാനത്തെ കുടുംബശ്രീപ്രവർത്തന രീതിയുൾപ്പടെ വിവിധ കാര്യങ്ങളിൽ രണ്ട് ദിവസത്തെ പരിശീലനത്തിനത്തെിയതായിരുന്നു സംഘം. തൃശൂർ ജില്ല കേന്ദ്രീകരിച്ചാണ് ഇവരുടെ പരിശീലനം. ബുധനാഴ്ച്ചയാണ് സംഘം തൃശൂരിൽ എത്തിയത്. ഇതിനിടയിൽ കൊടകര പഞ്ചായത്തിലും മട്ടത്തെ കദളി വാഴകൃഷിയും സംഘം സന്ദർശിച്ചു. വ്യാഴാഴ്ച്ച ഉച്ചയോടെയാണ് ചാവക്കാട്ടത്തെിയത്. കഫേശ്രീ സന്ദർശനത്തിനു ശേഷം നഗരസഭയും സന്ദർശിച്ചു.



നബാർഡ് ഉദ്യോഗസ്ഥർക്ക് ചാവക്കാട് നഗരസഭയിൽ നൽകിയ സ്വീകരണത്തിൽ കുടുംബശ്രീ പ്രവർത്തനത്തെക്കുറിച്ച് സിഡിഎസ് ചെയർപേഴ്സൺ പ്രീജ ദേവദാസ് വിശദീകരിക്കുന്നു.

ജന പ്രതിനിധികളും കുടുംബശ്രീപ്രവർത്തകരും സമ്മേളന ഹാളിൽ ഉദ്യോഗസ്ഥരെ സ്വീകരിച്ചു. കുടുംബശ്രീ പ്രവർത്തനത്തെ മുന്നോട്ടു കൊണ്ടുപോകാൻ നഗരസഭ ഭരണം ഏതൊക്കെ രീതിയിലാണ് സഹകരിക്കുന്നതെന്ന് വൈസ് ചെയർപേഴ്സൺ മഞ്ജുഷ സുരേഷ് വിശദീകരിച്ചു. കുടംബശ്രീ പ്രവർത്തനത്തെക്കുറിച്ച് സി.ഡി.എസ് ചെയർപേഴ്സൺ പ്രീജ ദേവദാസ് വിശദീകരിച്ചു.

നഗരസഭാ സ്ഥിരം സമിതി അധ്യക്ഷന്മാരായ കെ.എച്ച് സലാം, എ.സി ആനന്ദൻ, എം.ബി രാജ ലക്ഷ്മി, സഫൂറ ബക്കർ, പ്രതിപക്ഷ നേതാവ് കെ.കെ കാർത്യായനി, കൗൺസിലർമാരായ പി.എ നാസർ, പീറ്റർ പാലയൂർ, ജോയ്സി, പി.എ വിശ്വംഭരൻ, ടി.എ ഹാരിസ്, ഹസീന സലീം, ബുഷറ ലത്തീഫ്, സീനത്ത് കോയ എന്നിവർ പങ്കെടുത്തു.

നബാർഡ് എ.ജി. കെ.എൻ ദീപ, ഡി.ജി.എം പി ദിനേഷ് എന്നിവരുടെ നേതൃത്വത്തിലത്തെിയ വിവിധ സംസ്ഥാനത്തെ ഉദ്യോഗസ്ഥർ ജില്ലാ കുടുംബശ്രീ മിഷൻ കൺസൽറ്റന്റ് രഞ്ജിത് അലക്സിനൊടൊപ്പമാണ് ചാവക്കാട്ടത്തെിയത്.

സിഡിഎസ് ഭാരവാഹികളായ പ്രസന്ന രണദിവെ, ശാന്തിനി ശശി, സിന്ധു സന്തോഷ്, മെംബർ സെക്രട്ടറി പി.ബി ബിന്നു, കഫേ ശ്രീ ജീവനക്കാരായ എൻ.എം മഞ്ജു, മോഹിനി, ഉദയ ലക്ഷ്മി, മിനി സുനിൽ, രാധിക മോഹനൻ, പ്രിയ തുടങ്ങിയവർ ഉദ്യോഗസ്ഥരെ സ്വീകരിച്ചു.



*ചാവക്കാട് കുടുംബശ്രീ കഫേശ്രീയിൽ എത്തിയ നബാർഡ് ഉദ്യോഗസ്ഥർ*

# കുടുംബശ്രീ രുചി ആസ്വദിച്ച് ഉത്തരേന്ത്യൻ ഉദ്യോഗസ്ഥർ

● നബാർഡ് സംഘമാണ് കഫേശ്രീ ഹോട്ടൽ സന്ദർശിച്ചത്

**ചാവക്കാട്**: കുടുംബശ്രീ രുചിക്കൂട്ടിന്റെ ആദ്യ സംരംഭമായ ചാവക്കാടിന്റെ സ്വന്തം കഫേശ്രീയെക്കുറിച്ചറിയാനും പഠിക്കാനും നബാർഡ് സംഘമെത്തി. ഉത്തരന്ത്യക്കാരുൾപ്പെടുന്ന പതിനഞ്ചംഗ സംഘമാണ് നഗരസഭ ഓഫിസിന് സമീപത്തെ പച്ചക്കറി മാർക്കറ്റിലെ കഫേശ്രീയിലെത്തി ചോറും സാമ്പാറും ആസ്വദിച്ചത്. കഫേശ്രീയുടെ മുകളിലും താഴെയുമായി പ്രവർത്തിക്കുന്ന അടുക്കളയിൽ പാചകത്തിനുപയോഗിക്കുന്ന സ്റ്റീമർ ഉൾപ്പെടെ ഉപകരണങ്ങൾ ചോദിച്ചറിഞ്ഞു. ജീവനക്കാരോട് വിവിധ കാര്യങ്ങളെക്കുറിച്ച് അന്വേഷിച്ചു. കുടുംബശ്രീ പ്രവർത്തനം പഠിക്കാൻ രണ്ട് ദിവസത്തെ പരിശീലനത്തിനെത്തിയതായിരുന്നു സംഘം.

നബാർഡ് എ.ജി കെ.എൻ. ദീപ, ഡി.ജി.എം പി. ദിനേഷ് എന്നിവരുടെ നേതൃത്വത്തിലെത്തിയ വിവിധ സംസ്ഥാനത്തെ ഉദ്യോഗസ്ഥർ ജില്ലാ കുടുംബശ്രീ മിഷൻ കൺസൾട്ടന്റ് രഞ്ജിത് അലക്സിനോടൊപ്പമാണ് ചാവക്കാട്ടെത്തിയത്. ചാവക്കാട് നഗരസഭയും സന്ദർശിച്ചു. കുടുംബശ്രീ പ്രവർത്തനത്തെ മുന്നോട്ടു കൊണ്ടുപോകാൻ നഗരസഭ ഭരണം ഏതൊക്കെ രീതിയിലാണ് സഹകരിക്കുന്നതെന്ന് ഉപാധ്യക്ഷ മഞ്ജുഷ സുരേഷ് വിശദീകരിച്ചു. കുടുംബശ്രീ പ്രവർത്തനത്തെക്കുറിച്ച് സി.ഡി.എസ് ചെയർപേഴ്സൺ പ്രീജ ദേവദാസ് വിശദീകരിച്ചു. നഗരസഭാ സ്ഥിരം സമിതി അധ്യക്ഷന്മാരായ കെ.എച്ച്. സലാം, എ.സി. ആനന്ദൻ, എം.ബി. രാജലക്ഷ്മി, സഫൂറ ബക്കർ, കൗൺസിലർമാരായ കെ.കെ. കാർത്യായനി, പി.എ. നാസർ, പീറ്റർ പാലയൂർ, ജോയ്സി, പി.എ വിശ്വംഭരൻ, ടി.എ. ഹാരിസ്, ഹസീന സലീം, ബുഷറ ലത്തീഫ്, സീനത്ത് കോയ എന്നിവർ പങ്കെടുത്തു.

സി.ഡി.എസ് ഭാരവാഹികളായ പ്രസന്ന രണദിവെ, ശാന്തിനി ശശി, സിന്ധു സന്തോഷ്, മെംബർ സെക്രട്ടറി പി.ബി. ബിന്നു, കഫേശ്രീ ജീവനക്കാരായ എൻ.എം. മഞ്ജു, മോഹിനി, ഉദയ ലക്ഷ്മി, മിനി സുനിൽ, രാധിക മോഹനൻ, പ്രിയ തുടങ്ങിയവർ ഉദ്യോഗസ്ഥരെ സ്വീകരിച്ചു.